# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .2159** **06.10.2016 ൽ മറുപടിക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് കുന്നപ്പിള്ളി | പ്രൊഫ :സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

### എസ്.എസ്.എ.പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ യു.പി. സ്കൂളുകളിൽ കലാ, കായിക, കൈത്തൊഴിൽ അദ്ധ്യാപകരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ) | ഉണ്ട്. എസ്.എസ്.എ.പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 100-ൽ കൂടുതൽ വിദ്യാർത്ഥികളുള്ള 838 യു.പി. സ്കൂളുകളിൽ കലാ, കായിക, ഹെൽത്ത് എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിലുള്ള അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇത്തരം അദ്ധ്യാപകരെ നിയമനം നടത്തുന്നതിനായി കൃത്യമായ നിർദ്ദേശം സർക്കാരിൽ നിന്നും എസ്.എസ്.എ.യ്ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമനം സംബന്ധിച്ച് അടിയന്തിര തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി എത്ര തുക ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ? | ബി) | കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി 8799 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ